കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയിക്കണമെന്ന ആവശ്യം

196 [1804] *ശ്രീ. ടി. പി. രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(സി) ഇപ്പോൾ കൂരാച്ചുണ്ട് വില്ലേജ് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അതിർത്തി പുനർനിർണ്ണയം എപ്പോൾ നടക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താലൂക്കുകളുടേയും വില്ലേജുകളുടേയും പുനസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(സി) പേരാമ്പ്ര, കൂരാച്ചുണ്ട്, കായണ്ണ, കോട്ടൂർ, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നു.

(ഡി) താലൂക്ക്, വില്ലേജ് പുനസംഘടന സംബന്ധിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാനാവൂ.

ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ ഭൂമിയുടേയും കൈവശക്കാരായ ഉടമകളുടേയും വിശദാംശങ്ങൾ

197 [1807] *ശ്രീ. രാജു എബ്രഹാം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ ഭൂമിയുടേയും കൈവശക്കാരായ ഉടമകളുടേയും വിശദാംശങ്ങൾ നൽകുമോ;

(ബി) റവന്യൂ മന്ത്രി പങ്കെടുത്ത കളക്ടറേറ്റ് യോഗത്തിൽ പ്രസ്തുത ഭൂമിക്ക് പകരം റവന്യൂ ഭൂമി കണ്ടെത്തുന്ന തീരുമാനത്തിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) കമ്പക്കല്ലിൽ റവന്യൂ വനം വകുപ്പിന് നൽകുന്ന ഭൂമിക്ക് പകരമായി ഈ കൈവശഭൂമി നൽകി കൃഷിക്കാർക്ക് പട്ടയം ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-1977-ന് മുമ്പുള്ള കൈവശക്കാരുടെ ലിസ്റ്റ്, വനം, റവന്യൂ വകുപ്പ് അധികൃതർ സംയുക്തമായി പരിശോധിച്ച് തയ്യാറാക്കിയതിൻ പ്രകാരം റാന്നി താലൂക്കിൽ 1586 ഹെക്ടർ വനഭൂമി 5154 പേരുടെ കൈവശത്തിൽ ഉള്ളതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly